# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4970** **27/10/2016-ൽ മറുപടിയ്ക്ക്**

**<u>അലങ്കാര മത്സ്യകൃഷി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) | അലങ്കാര മത്സ്യകൃഷിയിൽ ചിറ്റൂരിന്റെ സാദ്ധ്യതകളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | അലങ്കാര മത്സ്യകൃഷിയിലെ ചിറ്റൂരിന്റെ സാധ്യതകളെപ്പറ്റി ശാസ്ത്രീയമായി പഠനം നടത്തിയിട്ടില്ല. എന്നാൽ അലങ്കാര മത്സ്യകൃഷിയിൽ കേരളത്തിന്റെ സാധ്യതകളെ വിശകലനം ചെയ്തിട്ടുണ്ട്. |
| ബി) | അടുക്കള മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി വളർത്തു മത്സ്യങ്ങളെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | അടുക്കള അവശിഷ്ടങ്ങളുടെ നിർമ്മാർജ്ജനത്തിനായി വളർത്തുമത്സ്യങ്ങളെ ഉപയോഗിച്ചു വരുന്നുണ്ട്. |
| സി) | ഈ സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചിറ്റൂരിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | പരീക്ഷണാടിസ്ഥാനത്തിൽ അടുക്കളയിലെ അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി വളർത്തുമത്സ്യങ്ങളെ ഉപയോഗിക്കുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**